# (iv) മനുഷ്യദർശനം

## a. വ്യക്തി

ഖുർആൻ അവതരിപ്പിക്കുന്ന മനുഷ്യോൽപത്തി കഥതന്നെ മനുഷ്യന്റെ മഹത്ത്വവും അവന്റെ യോഗ്യതകളും ജീവിത ധർമവും ജീവിത ലക്ഷ്യവും അവന്റെ ശക്തി ദൗർബല്യങ്ങളും എല്ലാം ഉൾച്ചേർന്നതാണ്. പല മാനങ്ങളിലായി ഏഴ് സ്ഥലങ്ങളിൽ ഖുർആൻ ആവർത്തിച്ചിട്ടുള്ള സൃഷ്ടികഥയുടെ സംഗ്രഹം താഴെ:

ഒരു നാൾ ദൈവം മലകുകളെ വിളിച്ചരുൾ ചെയ്തു: ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നു. അനന്തരം ദൈവം കളിമണ്ണുകൊണ്ട് ആദമിനെ രൂപപ്പെടുത്തി. അതിൽ ജീവൻ ഊതി. ആദമും സന്തതികളുമായിരുന്നു ഭൂമിയിൽ ദൈവം ഉദ്ദേശിച്ച പ്രതിനിധി. മനുഷ്യരുടെ സ്വഭാവ പ്രകൃതികളറിഞ്ഞ മലകുകൾ ദൈവത്തോട് ചോദിച്ചു: ഭൂമിയിൽ നാശമുണ്ടാക്കുകയും ചോര ചിന്തുകയും ചെയ്യുന്നവരെയാണോ നീ പ്രതിനിധിയായി നിശ്ചയിക്കുന്നത്? നിങ്ങൾക്കറിഞ്ഞുകൂടാത്ത പലതും ഞാൻ അറിയുന്നുവെന്നായിരുന്നു അതിന് ദൈവത്തിന്റെ മറുപടി. ആദമിന് ദൈവം വസ്തുക്കളുടെ നാമം പഠിപ്പിച്ചുകൊടുത്തു. അനന്തരം കുറേ വസ്തുക്കളെ ആദമിന്റെയും മലകുകളുടെയും മുന്നിൽ പ്രദർശിപ്പിച്ചു. അവയുടെ പേരുകൾ പറയാൻ അല്ലാഹു മലകുകളോടാവശ്യപ്പെട്ടു. 'പരിശുദ്ധനായ നാഥാ, നീ അറിയിച്ചുതന്നതല്ലാതൊന്നും ഞങ്ങൾക്കറിയില്ലല്ലോ' എന്നു പറഞ്ഞു മലകുകൾ കൈമലർത്തി. അല്ലാഹു ആദമിനോടും അതേ ആവശ്യമുന്നയിച്ചു. ആദം അവയ്ക്കെല്ലാം പേരുകൾ വിളിച്ചു. മലകുകൾ ആദമിനെ പ്രണമിക്കണമെന്ന് ദൈവം കല്പിച്ചു. മലകുകൾ അതനുസരിച്ചു. പക്ഷേ, കൂട്ടത്തിലുണ്ടായിരുന്ന ഇബ്‌ലീസ് വിസമ്മതിച്ചു. 'മണ്ണാൽ സൃഷ്ടിക്കപ്പെട്ട ആദമിനു നമസ്കരിക്കാൻ അഗ്നിയാൽ സൃഷ്ടിക്കപ്പെട്ട ഞാനാളല്ല' എന്നായിരുന്നു ഇബ്‌ലീസിന്റെ നിലപാട്. ഇബ്‌ലീസ് ജിന്ന് വർഗത്തിൽ പെട്ടവനായിരുന്നു. ദൈവകല്പനയെ ധിക്കരിച്ച ഇബ്‌ലീസിനെ ദൈവം സ്വർഗത്തിൽനിന്നു പുറത്താക്കി.

സ്വർഗ ഭ്രഷ്ടനായ ഇബ്‌ലീസ് അല്ലാഹുവിനോട് ഒരു വരം ആവശ്യപ്പെട്ടു. തനിക്ക് അന്ത്യനാൾ വരെ ജീവിതാവധി നല്കണം. തന്റെ സ്വർഗഭ്രംശത്തിനു കാരണക്കാരനായ മനുഷ്യനെ വഴിതെറ്റിച്ചു സ്വർഗഭ്രഷ്ടനാക്കാൻ പരിശ്രമിക്കുന്നതിനുള്ള സ്വാതന്ത്ര്യം വേണം. ഇബ്‌ലീസിന്റെ ആവശ്യം അല്ലാഹു അംഗീകരിച്ചു. എക്കാലത്തും മനുഷ്യ വംശത്തിൽ ഏറിയഭാഗത്തെയും താൻ സത്യത്തിൽനിന്നും സന്മാർഗത്തിൽനിന്നും വ്യതിചലിപ്പിക്കുകയും ദൈവത്തോട് അനുസരണവും കൂറുമില്ലാത്തവരാക്കുകയും ചെയ്തുകൊണ്ടിരിക്കുമെന്ന് ഇബ്‌ലീസ് അപ്പോൾ പ്രതിജ്ഞയെടുത്തു. എന്നോട് ഭക്തിയുള്ള ആരെയും നിനക്ക് സ്വാധീനിക്കാനാവില്ലെന്നും നിന്റെ ചതിയിൽപെടുന്ന ദൈവനിഷേധികളായ മനുഷ്യരാലും ജിന്നുകളാലും ഞാൻ നരകം നിറയ്ക്കുമെന്നുമായിരുന്നു അല്ലാഹുവിന്റെ മറുപടി.

ആദമിനെ അല്ലാഹു സ്വർഗത്തിൽ വസിപ്പിച്ചു. അദ്ദേഹത്തിനു ഇണയായി ഹവ്വായെ സൃഷ്ടിച്ചുകൊടുത്തു. സ്വർഗത്തിലെ സകല സുഖാനന്ദങ്ങളും യഥേഷ്ടം അനുഭവിക്കുവാൻ അവർക്കനുവാദം നല്കി. ഒരു പ്രത്യേക വൃക്ഷത്തിന്റെ കനി ഭക്ഷിക്കരുത് എന്ന ഒരൊറ്റ വിലക്കേ ഉണ്ടായിരുന്നുള്ളൂ. ഇബ്‌ലീസ് മനുഷ്യന്റെ ബദ്ധവിരോധിയായിരിക്കുന്നുവെന്ന് അല്ലാഹു അവരെ ഉണർത്തുകയും ചെയ്തു. ഇബ്‌ലീസാവട്ടെ, വിലക്കപ്പെട്ട കനി തിന്നാൻ ആദമിനെയും ഹവ്വായെയും പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അതു ഭക്ഷിച്ചാൽ അമരത്വം ലഭിക്കുമെന്ന് അവൻ അവരെ പ്രലോഭിപ്പിച്ചു. ഒടുവിൽ ആദമും ഹവ്വായും അമരത്വത്തിൽ മോഹിതരായി. വിലക്കപ്പെട്ട കനിയോടടുക്കുകയേ ഇല്ലെന്ന നിശ്ചയദാർഢ്യം അയഞ്ഞുപോയി. അവർ ആ കനി പറിച്ചുതിന്നു. അതോടെ അവർക്ക് സ്വർഗീയ വിശുദ്ധി നഷ്ടമായി. അവരുടെ സ്വർഗീയാവരണങ്ങൾ ഊരിപ്പോയി. ആദമിനും ഹവ്വാക്കും തങ്ങളുടെ നഗ്നതയെക്കുറിച്ചു ബോധമുണ്ടായി. അവർ ഇലകൾ പറിച്ചു നാണം മറച്ചു.

ആദമിനു തന്റെ തെറ്റ് അതിവേഗം ബോധ്യപ്പെട്ടു. അദ്ദേഹം താണുകേണ് അല്ലാഹുവിനോട് പശ്ചാത്തപിച്ചു. അല്ലാഹു ആദമിന്റെ പശ്ചാത്താപം സ്വീകരിച്ചു പാപമുക്തനാക്കി. അനന്തരം ഇരുവരെയും ഭൂമിയിലേക്കയച്ചു. ഭൂമിയിലേക്കു പുറപ്പെടുമ്പോഴും അല്ലാഹു ആദമിനെ ഓർമിപ്പിച്ചു: ഭൂമിയിൽ എന്നെ ആരാധിച്ചുകൊണ്ടും എന്റെ വിധിവിലക്കുകളനുസരിച്ചുകൊണ്ടും എന്റെ പ്രതിനിധിയായി വർത്തിക്കുകയാണ് നിങ്ങളുടെ ധർമം. ഓർത്തിരിക്കുക, ചെകുത്താൻ നിങ്ങളുടെ ബദ്ധശത്രുവാകുന്നു. അവൻ നിങ്ങളെ ചതിയിൽ പെടുത്താനും വഴിതെറ്റിക്കാനും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കും. നിന്റെ സന്തതികളിൽ വളരെപ്പേർ സാത്താന്റെ പ്രലോഭനങ്ങളിൽപെട്ട് ഇനിയും ഈ ധർമം വിസ്മരിച്ചേക്കും. അപ്പോഴൊക്കെ പ്രവാചകന്മാരിലൂടെയും വേദങ്ങളിലൂടെയും ഞാൻ അവരെ സന്മാർഗം അനുസ്മരിപ്പിച്ചുകൊണ്ടിരിക്കും. ആ അനുസ്മരണം സ്വീകരിച്ചു നേർവഴി കൈക്കൊള്ളുന്നവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കാൻ സംഗതിയാകുന്നതുമല്ല. മരണാനന്തരം, ഇപ്പോൾ നിങ്ങൾക്ക് നഷ്ടമായ സ്വർഗത്തിൽ തന്നെ ഞാനവരെ ശാശ്വതമായി വസിപ്പിക്കുന്നതാകുന്നു. സന്മാർഗ ബോധനങ്ങളെ ധിക്കരിച്ച് അസത്യത്തിലും അധർമത്തിലും തന്നെ തുടരുന്നവർക്ക് വേദനകളും യാതനകളും നിറഞ്ഞ ശാശ്വത നരകത്തെ നേരിടേണ്ടിവരികയും ചെയ്യും. ഭൂമിയിലേക്ക് പുറപ്പെടുന്ന ആദമിന് അല്ലാഹു നല്കിയ ഈ വാഗ്ദാനത്തിന്റെ സാക്ഷാത്കാരമാണ് ഭൂലോകത്താഗതരായ പ്രവാചക വര്യന്മാരും അവരിലൂടെ അവതീർണമായ സത്യവേദങ്ങളും.

ഈ കഥയിൽ പ്രതിബിംബിക്കുന്ന മനുഷ്യ ദർശനങ്ങളെ ഇതര ഖുർആൻ സൂക്തങ്ങളുടെ വെളിച്ചത്തിൽ ഇങ്ങനെ വ്യവച്ഛേദിക്കാം:

1. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണ്. അവനെ ദൈവം നേരിട്ട് മനുഷ്യനായി സൃഷ്ടിക്കുകയായിരുന്നു. തിര്യക്കുകൾ പരിണമിച്ചുളവായതല്ല. മനുഷ്യന്റെ ശരീരം ഭൗമധാതുക്കളാൽ സംഘടിപ്പിക്കപ്പെട്ടതാണ്. എന്നാൽ ആത്മാവ് അഭൗമികമാകുന്നു.

2. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധി എന്നതാകുന്നു മനുഷ്യന്റെ സ്ഥാനം. ഈ പ്രാതിനിധ്യം ദൈവത്തിനു തുല്യൻ എന്നോ ദൈവത്തിനു പകരം പരമാധികാരി എന്നോ ഉള്ള അർഥത്തിലുള്ളതല്ല. പ്രത്യുത, ദൈവേഛക്കും അവന്റെ വിധിവിലക്കുകൾക്കും വിധേയനായി ഭൂമിയിൽ വാഴുന്ന ദാസൻ എന്ന അർഥത്തിലുള്ളതാണ്. 'നിഷ്കളങ്കമായ വിധേയത്വം അല്ലാഹുവിനു മാത്രമാക്കിക്കൊണ്ട് അവന്ന് ഇബാദതു ചെയ്യുവാനും നമസ്കാരം നിലനിർത്തുവാനും സകാതു നല്കുവാനും തന്നെയാകുന്നു അവർ കല്പിക്കപ്പെട്ടിട്ടുള്ളത്"(98: 5). "ജിന്നുവംശത്തെയും മനുഷ്യവംശത്തെയും അവർ എനിക്കു ഇ*ബാദതു ചെയ്യുവാൻ മാത്രമാകുന്നു ഞാൻ സൃഷ്ടിച്ചത്." (51: 56).

3. ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയായിരിക്കുന്നതിന് ആവശ്യമായ ശാരീരികവും മാനസികവുമായ എല്ലാ യോഗ്യതകളും കഴിവുകളും അല്ലാഹു മനുഷ്യന്ന് നല്കിയിരിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ മനുഷ്യന്റെ സവിശേഷ ഗുണ

ങ്ങളുടെയെല്ലാം ലക്ഷ്യം അവന്‍ ഭൂമിയില്‍ ദൈവത്തിന്റെ പ്രാതിനിധ്യം പൂര്‍ത്തീകരിക്കുകയാകുന്നു. "മനുഷ്യനെ നാം വിശിഷ്ടമായ ഘടനയില്‍ സൃഷ്ടിച്ചിരിക്കുന്നു"(95: 4). "നാം അവന്നു രണ്ടു നേത്രവും ഒരു നാവും രണ്ടധരവും നല്കിയില്ലെയോ? (നന്മയുടെയും തിന്മയുടെയും) വ്യക്തമായ രണ്ടു പാതകള്‍ കാണിച്ചുകൊടുക്കുകയും ചെയ്തില്ലെയോ?"(90: 8,10). "നീ പറയുക, നിങ്ങളെ ഉളവാക്കിയതും നിങ്ങള്‍ക്ക് ശ്രവണ- ദര്‍ശന ശക്തികളും ചിന്തിച്ചു ഗ്രഹിക്കുന്ന മനസ്സും നല്കിയതും അവനാകുന്നു. എത്ര തുഛമായേ നിങ്ങള്‍ നന്ദി കാണിക്കുന്നുള്ളൂ"(67: 24). "അവന്‍ പേനകൊണ്ട് പഠിപ്പിച്ചവനാകുന്നു. മനുഷ്യന്‍ അറിയാത്തത് അവന്‍ മനുഷ്യനെ പഠിപ്പിച്ചു"(96: 4, 5). ഇതര സൃഷ്ടികളെപ്പോലെ അബോധപൂര്‍വമായ ഇബാദതല്ല അല്ലാഹു മനുഷ്യനില്‍നിന്ന് കാംക്ഷിക്കുന്നത്. ബോധപൂര്‍വമായ ഇബാദതാണ്. ബോധപൂര്‍വമായ ഇബാദതിന് ഇഛാശക്തിയും സ്വാതന്ത്ര്യവും അനിവാര്യമാകുന്നു. ഈ ഗുണങ്ങളുള്ളതുകൊണ്ടാണ് മലകുകള്‍ മനുഷ്യസൃഷ്ടിയില്‍ സംശയമുന്നയിച്ചത്. ഇഛാശക്തിയും സ്വാതന്ത്ര്യവും സക്രിയമാകുന്നതിന് ബുദ്ധിയും വിവേചന ശക്തിയും സര്‍ഗാത്മകതയും ആവശ്യമാകുന്നു. ഈ മാനുഷിക ഗുണങ്ങള്‍ ധരിപ്പിച്ചതിനെയാണ് ദൈവം ആദമിനെ പേരുകള്‍ പഠിപ്പിച്ചു എന്നു പ്രസ്താവിച്ചത്. വസ്തുക്കളെ വിവേചിച്ചു ഗ്രഹിക്കാനുള്ള ബുദ്ധിയെയും വിവേചന ശക്തിയെയും ഗ്രഹിതങ്ങളെ ഭാഷയിലൂടെ പുനരാവിഷ്കരിക്കാനുള്ള സര്‍ഗ വൈഭവത്തെയും അതു സൂചിപ്പിക്കുന്നു. ഇതാണ് മനുഷ്യന്റെ ഏറ്റവും മഹത്തായ ഗുണം.

4. ഉപരിസൂചിത മഹത്ത്വത്തിന്റെ പേരില്‍ മലകുകള്‍ പോലും മനുഷ്യനെ ആദരിച്ചു നമസ്കരിച്ചിരിക്കുന്നു. ദൈവത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ സൃഷ്ടിയാകുന്നു മനുഷ്യന്‍. "മനുഷ്യ മക്കളെ നാം ആദരിച്ചിരിക്കുന്നു. അവര്‍ക്കു നാം കരയിലും കടലിലും വാഹനങ്ങളേകി. ഉത്തമ വിഭവങ്ങള്‍ ആഹാരമായി നല്കി. നാം സൃഷ്ടിച്ച നിരവധി സൃഷ്്ടികളെക്കാള്‍ ശ്രേഷ്ഠതയരുളുകയും ചെയ്തിരിക്കുന്നു"(17: 70).

5. മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളില്‍നിന്നുദ്ഭവിച്ച സന്തതികളും സഹോദരന്മാരും സമന്മാരുമാകുന്നു. അവരിലെ ദേശ-ഭാഷാ-വര്‍ണ-വര്‍ഗ വൈജാത്യങ്ങളെല്ലാം തിരിച്ചറിയപ്പെടാനുള്ള ഉപാധികള്‍ മാത്രമാണ്. ജന്മംകൊണ്ടോ വര്‍ണംകൊണ്ടോ ആരും ആരെക്കാളും ഉന്നതരാകുന്നില്ല. കര്‍മമാണ് മനുഷ്യന്റെ മൂല്യം നിര്‍ണയിക്കുന്നത്. "മനുഷ്യരുടെ യാതൊരു കര്‍മത്തെയും നാം ( ദൈവം) തള്ളിക്കളയുന്നതല്ല. ഓരോ വ്യക്തിയും അവന്റെ കര്‍മ സമ്പാദ്യത്തിനു പണയമാകുന്നു"(52: 21). കര്‍മഗുണം അഥവാ ദൈവഭക്തിയും ധര്‍മനിഷ്ഠയും മാത്രമാകുന്നു ഒരാള്‍ മറ്റുള്ളവരെക്കാള്‍ ഉന്നതനും ശ്രേഷ്ഠനുമാകുന്നതിനുള്ള ഒരേയൊരുപാധി. "അല്ലയോ മനുഷ്യരേ, നിങ്ങളെയൊക്കെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരാണില്‍നിന്നും പെണ്ണില്‍നിന്നുമത്രെ. പരസ്പരം തിരിച്ചറിയുന്നതിനു വേണ്ടിയാകുന്നു നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയത്. നിങ്ങളില്‍ ഏറ്റം ദൈവഭക്തിയുള്ളവനത്രെ അല്ലാഹുവിങ്കല്‍ ഏറ്റം ഉന്നതന്‍"(49: 13). പ്രവാചകന്‍ പ്രസ്താവിച്ചു: "എല്ലാ മനുഷ്യരും ആദമിന്റെ മക്കളാണ്. ആദം മണ്ണില്‍ നിന്നുളവാക്കപ്പെട്ടവനും. വെളുത്തവന്ന് കറുത്തവനെക്കാളോ അ*റബിക്ക് അനറബിയെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല. എല്ലാവരും ചീര്‍പ്പിന്റെ പല്ലുകള്‍പോലെ തുല്യരാകുന്നു."

6. നന്മതിന്മകള്‍ തമ്മിലുള്ള നിരന്തര സമരമാണ് ജീവിതം. നന്മ ദൈവികവും തിന്മ പൈശാചികവുമാണ്. സത്യവിശ്വാസങ്ങളിലൂടെയും സദ്വികാരങ്ങളിലൂടെയും നന്മ പ്രവര്‍ത്തിക്കുന്നു. അസത്യ വിചാരങ്ങളിലൂടെയും ദുര്‍വികാരങ്ങളിലൂടെയും തിന്മയും പ്രവര്‍ത്തിക്കുന്നു. ചെകുത്താന്‍ സൃഷ്ടിയുടെ ആദ്യനാള്‍ തൊട്ടേ മനുഷ്യന്റെ സദ്ഗതിയുടെ ശത്രുവാകുന്നു. മനുഷ്യന്റെ ഇഛയിലും സ്വാതന്ത്ര്യത്തിലും ഇടപെട്ടുകൊണ്ടാണവന്‍ പ്രവര്‍ത്തിക്കുന്നത്. മനുഷ്യനില്‍ രക്തം സഞ്ചരിക്കുന്നിടത്തൊക്കെ ചെകുത്താനും സഞ്ചരിക്കുന്നു എന്ന് പ്രവാചകന്‍ പറയുകയുണ്ടായി. മനുഷ്യ മനസ്സിന്റെ പൈശാചിക ഭാവത്തെയും സാത്വിക ഭാവത്തെയും ഖുര്‍ആന്‍ വര്‍ണിച്ചതിങ്ങനെയാണ്: "അവന്‍ മനുഷ്യ മനസ്സിന് അതിന്റെ ധര്‍മവും അധര്‍മവും ബോധനം ചെയ്തിരിക്കുന്നു. നിശ്ചയം മനസ്സിനെ സംസ്കരിച്ചവന്‍ വിജയിച്ചു. അതിനെ ചവിട്ടിത്താഴ്ത്തിയവന്‍ പരാജിതനായി" (91: 8-10). പ്രവാചകന്മാരും വേദങ്ങളും ധര്‍മപ്രകൃതിയെ ഉത്തേജിപ്പിക്കുമ്പോള്‍ സാത്താന്‍ അധര്‍മ പ്രകൃതിയെ ഉണര്‍ത്തി ധര്‍മപ്രകൃതിയെ അടിച്ചമര്‍ത്താന്‍ ശ്രമിക്കുന്നു. ഈ വിരുദ്ധ ശക്തികളില്‍ ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനുള്ള സൗകര്യമാണ് മനുഷ്യന്റെ സ്വാതന്ത്ര്യം. "നാം അവന്ന് വഴികാട്ടിക്കൊടുത്തു. ഒന്നുകില്‍ അവന്ന് ദൈവത്തോടു നന്ദിയുള്ളവനായി വാഴാം. അല്ലെങ്കില്‍ നന്ദികെട്ടവനാകാം"(76: 3). ഇതുതന്നെയാണ് മനുഷ്യാസ്തിത്വത്തിന്റെ ഭാരവും. "നാം ഈ ഉത്തരവാദിത്വ ഭാരം ആകാശഭൂമികള്‍ക്കും പര്‍വതങ്ങള്‍ക്കും വച്ചുനീട്ടി. അവ അതേറ്റെടുക്കാന്‍ വിസമ്മതിച്ചു. അവ അതിനെ ഭയപ്പെട്ടു. മനുഷ്യന്‍ അത് ഏറ്റെടുത്തു. എന്നിട്ടവന്‍ മഹാ അക്രമിയും അവിവേകിയുമായിരിക്കുന്നു" (33: 72). ഈയര്‍ഥത്തില്‍ മനുഷ്യന്‍ സ്വയം എന്താകുന്നുവോ അതായിത്തീരുന്നു. അവന്‍ മലകുകളെക്കാള്‍ ഉന്നതനാകുന്നതും നീചാല്‍ നീചതരമായ സൃഷ്ടിയാകുന്നതും തന്റെ സ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തിലൂടെയാണ്. "ഓരോ മനുഷ്യന്റെയും ഭാഗധേയം നാം (ദൈവം) അവന്റെ പിരടിയില്‍ത്തന്നെ ബന്ധിച്ചിരിക്കുന്നു" (17: 13). മറ്റാരും ആ ഭാരം ഏറ്റെടുക്കുകയില്ല. "ഭാരം വഹിക്കുന്നവരാരും അപരന്റെ ഭാരം വഹിക്കുന്നതല്ല"(17: 15).

സ്വാതന്ത്ര്യം ഉപയോഗിക്കുന്നതിനുള്ള പരിശീലനമായിരുന്നു ആദമിന് സ്വര്‍ഗത്തില്‍ ലഭിച്ചത്. പൈശാചിക പ്രലോഭനത്തിന് വശംവദനായി ദൈവ കല്പന ലംഘിക്കുന്നതു വരെ ആദമും ഹവ്വായും സ്വര്‍ഗത്തില്‍ വസിച്ചു. ദൈവത്തെ മറന്ന് ഇബ്‌ലീസിനെ അനുസരിച്ചപ്പോള്‍ അവര്‍ക്കു സ്വര്‍ഗം നഷ്ടപ്പെട്ടു. അങ്ങനെ തന്റെ സ്വാതന്ത്ര്യത്തിന്റെ ഭാരവും അതു വിനിയോഗിക്കുന്നതില്‍ പാലിക്കേണ്ട സൂക്ഷ്മതയും അതില്‍ വരുത്തുന്ന വീഴ്ചയുടെ ഗുരുതരമായ പ്രത്യാഘാതവും ദൈവം മനുഷ്യനെ ബോധ്യപ്പെടുത്തി. ഈ പരിശീലനം പൂര്‍ത്തിയായതിനെത്തുടര്‍ന്ന്, അവര്‍ക്കു നഷ്ടപ്പെട്ട സ്വര്‍ഗത്തിലേക്ക് തിരിച്ചെത്തുവാനുള്ള മാര്‍ഗം ഉപദേശിച്ചുകൊണ്ട് അല്ലാഹു മനുഷ്യനെ അവന്റെ യഥാര്‍ഥ കര്‍മ മണ്ഡലമായ ഭൂമിയിലേക്ക് അയക്കുകയും ചെയ്തു.

7. ആദം സ്വര്‍ഗത്തില്‍ പാപം ചെയ്തുവെന്നത് ശരിയാണ്. പക്ഷേ, അതിന്റെ പേരിലല്ല അദ്ദേഹം ഭൂമിയിലേക്ക് അയക്കപ്പെട്ടത്. മറിച്ച്, അദ്ദേഹം സൃഷ്ടിക്കപ്പെട്ടത് ഭൂമിയില്‍ ദൈവത്തിന്റെ പ്രതിനിധിയായിരിക്കാന്‍ വേണ്ടിയാണ് എന്നതുകൊണ്ടായിരുന്നു. ആദമിന്റെ പശ്ചാത്താപം ദൈവം സ്വീകരിച്ചിട്ടുണ്ട്. അതോടെ അദ്ദേഹം പാപ മുക്തനായിരിക്കുന്നു. അതുകൊണ്ട് ആദം പാപിയല്ല. അദ്ദേഹത്തിന്റെ സന്തതികള്‍ പാപത്തിന്റെ സന്തതികളുമല്ല. അവര്‍ ദൈവത്തിന്റെ ആദരണീയ സൃഷ്ടികളാകുന്നു. ഓരോ വ്യക്തിയെയും പാപിയോ പുണ്യവാനോ ആക്കുന്നത് ആ വ്യക്തി തന്നെയാണ്.

8. ആദിപാപത്തിന്റെ ഉത്തരവാദിത്വം ഹവ്വായില്‍ കെട്ടിവയ്ക്കുന്നതിനെയും, സ്ത്രീകള്‍ സാത്താന്റെ സഹോദരികളായ അധമകളാണെന്ന സങ്കല്പത്തെയും ഇസ്‌ലാം നിരാകരിക്കുന്നു. വിലക്കപ്പെട്ട കനിയില്‍നിന്ന് ഹ*വ്വായും പങ്കുപറ്റിയിട്ടുണ്ട് എന്നു മാത്രം. എന്നാല്‍ ഖുര്‍ആന്‍ ആ പാപത്തിന്റെ ഉത്തരവാദിത്വം ആദമില്‍ തന്നെയാണ് ചുമത്തുന്നത്. അല്ലാഹു അതിന്റെ പശ്ചാത്താപം സ്വീകരിച്ചതും ആദമില്‍നിന്നുതന്നെ.

# b. കുടുംബം

ഉല്‍പത്തി കഥ സൂചിപ്പിക്കുന്നതുപോലെ മനുഷ്യവര്‍ഗം മുഴുവന്‍ ഒരു കുടുംബമാകുന്നു. എങ്കിലും അവര്‍ പല ദേശക്കാരും ഭാഷക്കാരും വര്‍ഗക്കാരും കുടുംബക്കാരുമായിരിക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാന യൂനിറ്റ് എന്ന നിലയില്‍ ഇസ്‌ലാമില്‍ കുടുംബ വ്യവസ്ഥ വളരെ പ്രധാനപ്പെട്ടതാണ്. ഭദ്രമായ കുടുംബങ്ങളിലൂടെ ഭദ്രമായ സമൂഹം, ഭദ്രമായ സമൂഹങ്ങളിലൂടെ ഭദ്രമായ മനുഷ്യലോകം എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. കുടുംബ ബന്ധങ്ങള്‍ പരസ്പര സ്നേഹം കൊണ്ടും സഹകരണം കൊണ്ടും ദൃഢീ

കരിക്കുവാൻ ഇസ്‌ലാം അനുശാസിക്കുന്നു. കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുന്നത് മനുഷ്യൻ അല്ലാഹുവിനോട് ചെയ്തിട്ടുള്ള പ്രതിജ്ഞയുടെ ലംഘനമാകുന്നു. "അല്ലാഹുവിനോട് പ്രതിജ്ഞ ഉറപ്പിച്ച ശേഷം അതു ലംഘിക്കുകയും അല്ലാഹു കൂട്ടിച്ചേർക്കാനാജ്ഞാപിച്ച കുടുംബ ബന്ധങ്ങളെ ഛേദിക്കുകയും ഭൂമിയിൽ നാശം ഉണ്ടാക്കുകയും ചെയ്യുന്നവർ മഹാ നഷ്ടം സംഭവിച്ചവർ തന്നെയാകുന്നു"(2: 27).

കുടുംബത്തിൽ മുതിർന്നവർ ആദരിക്കപ്പെടുകയും ഇളയവർ ഓമനിക്കപ്പെടുകയും വേണം. ശക്തർ അശക്തരെ സഹായിക്കണം. കുടുംബത്തിൽ ദാരിദ്ര്യമനുഭവിക്കുന്നവരെ സഹായിക്കേണ്ടത് സമ്പന്നരുടെ ബാധ്യതയും അവരിൽനിന്ന് സഹായം ലഭിക്കേണ്ടത് ദരിദ്രരുടെ അവകാശവുമാകുന്നു. "മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുവാൻ നാം മനുഷ്യനോട് വസ്വിയ്യത് ചെയ്തിരിക്കുന്നു"(29: 8). ചില സ്ഥലങ്ങളിൽ ദൈവത്തോടുള്ള കടപ്പാടിനോട് ചേർത്താണ് മാതാപിതാക്കളോടുള്ള കടപ്പാട് പരാമർശിച്ചിരിക്കുന്നത്. ഉദാ. "നിങ്ങൾ അല്ലാഹുവിന് ഇബാദതു ചെയ്യുവിൻ. യാതൊന്നിനെയും അവന്റെ പങ്കാളിയാക്കരുത്. മാതാപിതാക്കളോട് ഭംഗിയായി വർത്തിക്കുകയും ചെയ്യുവിൻ"(4: 36). "നിന്റെ നാഥൻ വിധിച്ചിരിക്കുന്നു, നിങ്ങൾ അവനുമാത്രം ഇബാദതു ചെയ്യണമെന്നും മാതാപിതാക്കളോട് നന്നായി പെരുമാറണമെന്നും. നിന്റെയടുക്കൽ അവരിലൊരാളോ രണ്ടുപേരുമോ വാർധക്യം പ്രാപിക്കുന്നുവെങ്കിൽ, അവരോട് 'ഛെ' എന്നുപോലും പറയരുത്. പരുഷമായി സംസാരിക്കയുമരുത്. അവരുടെ മുമ്പിൽ കനിവോടെ കാരുണ്യത്തോടെ വിനീതനായി വർത്തിക്കണം. ഇപ്രകാരം പ്രാർഥിക്കുകയും ചെയ്യുക: നാഥാ, എന്റെ ശൈശവത്തിൽ ഇവർ എന്നെ എവ്വിധം വാത്സല്യത്തോടെ പോറ്റിയോ, അവ്വിധം നീ ഇവർക്ക് കാരുണ്യമരുളേണമേ"(17: 23, 24). "അവരോടു പറയുക: നിങ്ങൾ ചെലവഴിക്കുന്ന ധനത്തിന്റെ പ്രഥമാവകാശികൾ മാതാപിതാക്കളും ബന്ധുക്കളും അനാഥരുമാകുന്നു"(2: 215). "നീ കുടുംബ ബന്ധുക്കൾക്കും പാവപ്പെട്ടവർക്കും അഭയാർഥികൾക്കും അവരുടെ അവകാശം നല്കുക, ധൂർത്തടിക്കരുത്."(17:26)

മക്കൾ വളർന്നു വലുതായാൽ പ്രായമായ മാതാപിതാക്കളെ ശുശ്രൂഷിക്കുകയും അവരുടെ ഭൗതികാവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുകയും മക്കളുടെ നിർബന്ധ ബാധ്യതയാണ്. മാതാപിതാക്കൾക്ക് സ്വന്തമായി സ്വത്തും വരുമാനവുമുണ്ടെങ്കിൽ സാമ്പത്തിക ബാധ്യതകൾ മക്കൾ ഏറ്റെടുക്കേണ്ടതില്ല. ഏതു സാഹചര്യത്തിലും മാതാപിതാക്കളെ പരിചരിക്കാൻ അവർ ബാധ്യസ്ഥരായിരിക്കും. നേർമാതാപിതാക്കളോടുള്ള അതേ ബാധ്യത പിതാമഹന്മാരോടും പിതാമഹികളോടും ഉണ്ടായിരിക്കുന്നതാണ്. അതുപോലെ മക്കളോടുള്ള ബാധ്യത പൗത്രന്മാരോടും അവരുടെ മക്കളോടും മാതാപിതാക്കൾക്കും ഉണ്ടായിരിക്കും. എന്നാൽ പിതാവിന്റെ സാന്നിധ്യത്തിൽ പിതാമഹന്നോ മക്കളുടെ സാന്നിധ്യത്തിൽ പേര മക്കൾക്കോ ദായധനാവകാശം ഉണ്ടായിരിക്കുന്നതല്ല.

ഭർത്താവായിരിക്കും കുടുംബത്തിന്റെ നാഥൻ. "പുരുഷന്മാർ സ്ത്രീകളുടെ നാഥന്മാരാകുന്നു"(ഖു. 4: 34). ഈ നേതൃത്വം അടിമയുടമാ അടിസ്ഥാനത്തിലുള്ളതല്ല. സ്ത്രീയുടെയും പുരുഷന്റെയും ശാരീരികവും മാനസികവുമായ യോഗ്യതകളെ ആധാരമാക്കിയുള്ള ഉത്തരവാദിത്വ വിഭജനമാണിത്. ഭർത്താവ് (ഭരിക്കുന്നവൻ), ഭാര്യ (ഭരിക്കപ്പെടുന്നവൾ) എന്ന സങ്കല്പമല്ല ഇസ്‌ലാമിൽ ഉള്ളത്. സൗജ് (ആൺതുണ), സൗജത് (പെൺതുണ) എന്നാണതിന്റെ സങ്കല്പം. ഭാര്യാഭർത്താക്കളെ അസ്‌വാജ് (ഇണകൾ) എന്നാണ് ഖുർആൻ വ്യവഹരിച്ചിട്ടുള്ളത്. "പുരുഷന്ന് സ്ത്രീയുടെ മേലുള്ളതുപോലെ സ്ത്രീക്ക് പുരുഷന്റെ മേലും അവകാശങ്ങളും ബാധ്യതകളുമുണ്ട്"(2: 228). ഭാര്യയും ഭർത്താവും പരസ്പരം സംരക്ഷിച്ചും ആവശ്യങ്ങൾ പരിഹരിച്ചും ദൗർബല്യങ്ങളും ന്യൂനതകളും മറച്ചുവച്ചും വസ്ത്രങ്ങൾപോലെ വർത്തിക്കണമെന്നാണ് ഖുർആൻ അനുശാസിക്കുന്നത്. "അവർ നിങ്ങളുടെ വസ്ത്രങ്ങളാകുന്നു. നിങ്ങൾ അവരുടെ വസ്ത്രങ്ങളും"(2: 187).

കുടുംബത്തിന്റെ നിത്യ നിദാനച്ചെലവുകൾ നിവർത്തിക്കേണ്ടത് കുടുംബനാഥന്റെ ബാധ്യതയാകുന്നു. ഭാര്യക്ക് സ്വന്തമായ സമ്പത്തും വരുമാനങ്ങളും ഉണ്ടെങ്കിൽ പോലും അവളുടെ ചെലവു നടത്തേണ്ട ഉത്തരവാദിത്വം പുരുഷനിലാണ്. സ്നേഹവും സഹകരണവും തജ്ജന്യമായ ശാന്തിയുമാണ് ദാമ്പത്യ ബന്ധത്തിന്റെ ആത്മാവ്. "നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിച്ചു തന്നതും അവന്റെ ദൃഷ്ടാന്തമാകുന്നു- അവരിലൂടെ നിങ്ങൾ ശാന്തി പ്രാപിക്കാൻ. അതിനായി അവൻ നിങ്ങൾക്കിടയിൽ അനുരാഗവും സ്നേഹവുമുളവാക്കുകയും ചെയ്തിരിക്കുന്നു"(ഖു. 30: 21).

കുടുംബത്തിന്റെ ആഭ്യന്തര കാര്യങ്ങൾ നോക്കിനടത്തേണ്ടതും മക്കളെ വളർത്തേണ്ടതും ഭാര്യയുടെ ചുമതലയാണ്. ഈ ചുമതല ഭംഗിയായി നിർവഹിക്കാൻ സൗകര്യപ്പെടുന്നതിനു വേണ്ടി വെളിയിലിറങ്ങി പ്രവർത്തിക്കുന്നതിൽ അവൾക്ക് ഇളവനുവദിച്ചിരിക്കുന്നു. പൊതു പ്രവർത്തനങ്ങളിലും ജിഹാദ് പോലുള്ള സംരംഭങ്ങളിലും അവൾ ഏർപ്പെട്ടുകൊള്ളണമെന്ന് നിർബന്ധമില്ല. സ്ത്രീ ഇത്തരം രംഗങ്ങളിലിടപെടുകയാണെങ്കിൽ, സ്‌ത്രൈണ ധർമങ്ങൾക്ക് വിഘ്നം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഉത്തരവാദിത്വങ്ങളുടെ സ്വഭാവത്തിൽ വ്യത്യാസങ്ങളുണ്ടെങ്കിലും സ്ത്രീയുടെയും പുരുഷന്റെയും കർമങ്ങൾക്ക് തുല്യമായ പരിഗണന തന്നെ ലഭിക്കുമെന്നാണ് ഖുർആൻ പ്രസ്താവിക്കുന്നത്: "സ്ത്രീയാവട്ടെ പുരുഷനാവട്ടെ നിങ്ങളിൽ ആരുടെയും കർമത്തെ ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളെല്ലാവരും ഒരേ വർഗത്തിൽപെട്ടവരാണല്ലോ"(3: 195). "കാര്യം നിങ്ങൾ വ്യാമോഹിക്കുന്നതു പോലെയല്ല. വേദക്കാർ വ്യാമോഹിക്കുന്നതു പോലെയുമല്ല. തിന്മ ചെയ്യുന്നതാരായാലും അവർക്കതിന്റെ ഫലം ലഭിക്കുക തന്നെ ചെയ്യും. അല്ലാഹുവിനെതിരെ യാതൊരു രക്ഷകനെയും സഹായിയെയും അവർക്കു കിട്ടുന്നതല്ല. സൽക്കർമമനുഷ്ഠിക്കുന്നത് സ്ത്രീയാവട്ടെ പുരുഷനാവട്ടെ സത്യവിശ്വാസിയാണെങ്കിൽ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യും. അവർ അണുഅളവ് അനീതി ചെയ്യപ്പെടുകയില്ല"(4: 123, 124).

## C. സമൂഹം

ഇസ്‌ലാം ഒരു 'ദീൻ' ആകുന്നു. ആധികാരികവും ഉന്നതവുമായ ഒരു കേന്ദ്രത്തിൽനിന്ന് അനുശാസിതമായ ധർമ വ്യവസ്ഥ, ജീവിതക്രമം എന്നൊക്കെയാണ് ദീൻ എന്ന പദത്തിന്റെ അർഥം. സ്രഷ്ടാവായ അല്ലാഹു പ്രവാചകവര്യന്മാരിലൂടെ മനുഷ്യർക്കായി അരുളിയ ധർമ വ്യവസ്ഥയാണ് ദീനുൽ ഇസ്‌ലാം. അതിന്റെ നിയമങ്ങൾ ജീവിതത്തിന്റെ പരസ്യവും പരോക്ഷവും വ്യക്തിപരവും സാമൂഹികവുമായ എല്ലാ തുറകളെയും സ്പർശിക്കുന്നതാണ്. സുസംഘടിതമായ സമൂഹത്തിന്റെ അഭാവത്തിൽ ഇസ്‌ലാമിന്റെ നിരവധി നിയമങ്ങൾ അപ്രസക്തവും അപ്രായോഗികവുമാവുന്നു. ഇസ്‌ലാമിനെ സ്വകാര്യ ജീവിതത്തിൽ പരിമിതപ്പെടുത്തുകയെന്നാൽ ഇസ്‌ലാമിനെ ഭാഗികമായി നിഷേധിക്കുകയാണ്. അതുകൊണ്ട് മതം ഒരു സ്വകാര്യ ഏർപ്പാടാണ് എന്ന ആധുനിക സങ്കല്പവുമായി ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ പൊരുത്തപ്പെടാനാവില്ല.

മുസ്‌ലിം സമൂഹം ഒരു സാർവദേശീയ സമുദായമാണ്. കഴിയുമെങ്കിൽ മുസ്‌ലിംലോകം ഒറ്റ നേതൃത്വത്തിൻ കീഴിൽ ദൈവിക നിയമങ്ങളാൽ ഭരിക്കപ്പെടുന്ന ഒറ്റ സമൂഹമായി നിലകൊള്ളുകയാണ് വേണ്ടത്. ഇല്ലെങ്കിൽ സാഹചര്യം അനുവദിക്കുന്നേടത്തോളം അവർ സംഘടിതരായി വർത്തിക്കണം. സംഘടിത ജീവിതത്തിന്റെ പ്രാധാന്യം നബി വ്യക്തമാക്കിയതിങ്ങനെയാണ്: "വല്ലവനും സമാജത്തിൽനിന്ന് ഒരു ചാൺ അകന്നുപോയാൽ തന്റെ കണ്ഠത്തിൽനിന്നു ഇസ്‌ലാമുമായുള്ള ബന്ധം അവൻ ഊരിയെറിഞ്ഞു." രണ്ടാം ഖലീഫഃ ഉമർ പ്രസ്താവിച്ചു: "സമാജമില്ലാതെ ഇസ്‌ലാമില്ല. നേതൃത്വമില്ലാതെ സമാജമില്ല. അനുസരണമില്ലാതെ നേതൃത്വവുമില്ല." മുസ്‌ലിംകളെ ദൈവിക നിയമമനുസരിച്ച് നയിക്കുകയും അവരിൽ ക്ഷേമം നിലനിർത്തുകയും അവരുടെ അതിർത്തികൾ സംരക്ഷിക്കുകയും ചെയ്യുന്ന ഒരു നേതൃത്വത്തെ (ഇമാമിനെ) സ്ഥാപിക്കേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ അലംഘനീയമായ ആദർശ ബാധ്യതയാണെന്ന് *ശർഹുൽ അഖാഇദ്* പോലുള്ള ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ സിദ്ധാന്തിക്കുന്നുണ്ട്.

ഈ നേതാവിനെ തെരഞ്ഞെടുക്കേണ്ടത് ജനങ്ങൾ അഥവാ ജനപ്രതിനിധികൾ ആണ്. ഭരണകർത്താവിനെ ഖലീഫഃ എന്നാണ് വിളിക്കുക. ഖലീഫഃയുടെ ഭരണത്തെ ഖിലാഫത് എന്നും. നേതാവിനെ തെരഞ്ഞെടുക്കുന്ന പ്രതിനിധികളെ ഉമറാഅ് അല്ലെങ്കിൽ അഹ്‌ലുൽ ഹല്ലി വൽ അഖ്ദ് എന്ന് പറയുന്നു. ഖലീഫഃക്ക് ജനങ്ങൾ നല്കുന്ന സമ്മതിദാന- അംഗീകാര-മാണ് ബൈഅത്. ഇസ്‌ലാമിക വീക്ഷണത്തിൽ ഖലീഫഃക്കോ ഉമറാഇനോ അവർക്ക് ബൈഅത് ചെയ്യുന്ന ജനങ്ങൾക്കോ പരമാധികാരമില്ല. പരമാധികാരം അല്ലാഹുവിന് മാത്രമാകുന്നു: "അറിഞ്ഞിരിക്കുക; സൃഷ്ടിയും ശാസനാധികാരവും അവന്ന് (ദൈവത്തിന്) മാത്രമുള്ളതാകുന്നു"(ഖു. 7: 54). "വിധികർത്തൃത്വം അല്ലാഹുവിന് മാത്രമുള്ളതാകുന്നു" (ഖു. 12: 40). "ആകാശഭൂമികളുടെയും അവക്കിടയിലുള്ളവയുടെയും സർവാധികാരങ്ങളും അല്ലാഹുവിന്നുള്ളതാകുന്നു. അവനിച്ഛിക്കുന്നത് സൃഷ്ടിക്കുന്നു"(5: 17). "പറയുക: അല്ലാഹുവേ നീയാണ് അധികാരത്തിനുടയവൻ, നീ ഇച്ഛിക്കുന്നവർക്ക് അധികാരം നല്കുന്നു. നീ ഇച്ഛിക്കുന്നവരിൽനിന്ന് അധികാരം നീക്കിക്കളയുന്നു"(3: 26).

അല്ലാഹുവിന്റെ പരമാധികാരത്തിനു വിധേയമായ അധികാരം മാത്രമാണ് മനുഷ്യരായ അധികാരികൾക്കുള്ളത്. ഭൂമിയിലെ അധികാരികൾ ഇവിടെ നടപ്പാക്കേണ്ടത് അല്ലാഹുവിന്റെ വിധിവിലക്കുകളാണ്. വേദങ്ങൾ പ്രസ്താവിച്ചിട്ടുള്ളതും പ്രവാചകന്മാർ പ്രായോഗികമായി നടപ്പിലാക്കി കാണിച്ചിട്ടുള്ളതുമാണ് അല്ലാഹുവിന്റെ വിധിവിലക്കുകൾ. "ആർ അല്ലാഹു അവതരിപ്പിച്ച നിയമങ്ങളനുസരിച്ച് വിധിക്കുന്നില്ലയോ അവർ സത്യനിഷേധികളാകുന്നു"(5: 44). "ആർ അല്ലാഹു അവതരിപ്പിച്ച നിയമങ്ങളനുസരിച്ചു വിധിക്കുന്നില്ലയോ അവർ അധർമികളാകുന്നു"(5: 45). "ആർ അല്ലാഹു അവതരിപ്പിച്ച നിയമങ്ങളനുസരിച്ചു വിധിക്കുന്നില്ലയോ അവർ പാപികളാകുന്നു"(5: 47). അല്ലാഹു അവതരിപ്പിച്ചിട്ടുള്ള നിയമങ്ങൾ നടപ്പിലാക്കുന്ന പ്രതിപുരുഷനാണ് ഖലീഫഃ. വിശുദ്ധ ഖുർആനും പ്രവാചക ചര്യയുമാണ് ഖിലാഫതിന്റെ അടിസ്ഥാനാധാരങ്ങൾ. ഖുർആനിലെയും പ്രവാചക ചര്യ(സുന്നത്)യിലെയും പ്രമാണങ്ങൾ വിശദീകരിക്കാനും കാലോചിതമായ പ്രായോഗിക രൂപങ്ങൾ കണ്ടെത്താനും ഖലീഫഃക്ക് അനുവാദമുണ്ട്. അതുപക്ഷേ, നിരുപാധികമല്ല. പ്രമാണവ്യാഖ്യാനത്തിലും മറ്റു സുപ്രധാനമായ ഭരണ നടപടികളിലുമൊക്കെ ഖലീഫഃ ഉമറാഉ(അഹ്‌ലുൽ ഹല്ലി വൽഅഖ്ദ്)മായി കൂടിയാലോചിക്കാനും അവരുടെ നിർദേശങ്ങൾ പരിഗണിക്കാനും ബാധ്യസ്ഥനാകുന്നു. ഇതുവഴി ഖിലാഫതിൽ ബഹുജനാഭിപ്രായം സാക്ഷാത്കരിക്കപ്പെടുന്നു. ശൂറാ എന്നാണ് ഈ സംവിധാനത്തിന്റെ സാങ്കേതിക നാമം. ഇസ്‌ലാമിക രാഷ്ട്രീയ ക്രമത്തിന്റെ സുപ്രധാന തത്ത്വമാണ് ശൂറാ. വിശ്വാസികളുടെ സദ്ഗുണങ്ങൾ വർണിക്കുന്നിടത്ത് നമസ്കാരത്തോടൊപ്പമാണ് ശൂറാ പരാമർശിക്കപ്പെട്ടിരിക്കുന്നത്. "നാഥന്റെ ശാസനകൾ അനുസരിക്കുന്നവരും കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ചു നടത്തുന്നവരും നാം നല്കിയ സമ്പത്ത് സദ്‌വഴിയിൽ ചെലവഴിക്കുന്നവരും തങ്ങൾക്കുനേരെ അതിക്രമങ്ങളുണ്ടായാൽ ചെറുത്തു തോല്പിക്കുന്നവരുമാകുന്നു അവർ"(42: 38, 39).

ശൂറാ തത്ത്വം ഖിലാഫതു വ്യവസ്ഥയെ ജനാധിപത്യക്രമത്തോട് ഏറെ അടുപ്പിക്കുന്നു. ഭരണാധികാരിയുടെ പേര് ഖലീഫഃ എന്നായാലും രാജാവ് എന്നായാലും പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിങ്ങനെ ആയാലും അവർ ജനങ്ങളുടെ അംഗീകാരമുള്ളവരും ജനങ്ങളുടെ ന്യായമായ അഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുന്നവരും, അല്ലാഹുവിന്റെ വിധിവിലക്കുകൾ പ്രയോഗവൽക്കരിക്കുന്നവരുമായിരിക്കണം. ഈ സവിശേഷത കണക്കിലെടുത്തുകൊണ്ട് ആധുനിക മുസ്‌ലിം പണ്ഡിതരിൽ അഗ്രഗണ്യനായിരുന്ന മൗലാനാ സയ്യിദ് അബുൽഅഅ്ലാ മൗദൂദി ഇസ്‌ലാമിക ഭരണക്രമത്തെ ഥിയോഡമോക്രസി (ദൈവിക ജനാധിപത്യം) എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ഇസ്‌ലാമിക വ്യവസ്ഥ മതപ്രമാണങ്ങളെ ആധാരമാക്കിയുള്ളതാണെങ്കിലും അതിനു പൗരോഹിത്യ ഭരണവുമായി ബന്ധമില്ല. 'ഇസ്‌ലാമിൽ പൗരോഹിത്യമില്ല' എന്ന് പ്രവാചകൻ അസന്ദിഗ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു. മതപ്രമാണങ്ങൾ പഠിക്കാനും വിശദീകരിക്കാനും അനുസരിക്കാനും വിശ്വാസികൾക്ക് പുരോഹിതന്മാരുടെ ആവശ്യമില്ല. ദൈവദാസന്ന് ദൈവവുമായി ബന്ധപ്പെടാൻ പുരോഹിതന്മാരുടെ മാധ്യസ്ഥ്യവും വേണ്ട. പുരോഹിതന്മാരെ ദൈവിക സരണിയിൽ വിഘാതം സൃഷ്ടിക്കുന്ന പരാന്നഭോജികളായിട്ടാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്. "അല്ലയോ വിശ്വാസികളേ, വേദവാഹകരിലെ മിക്ക സന്യാസിമാരും പുരോഹിതന്മാരും ജനങ്ങളുടെ മുതലുകൾ അന്യായമായി ഭുജിക്കുന്നവരും ജനങ്ങളെ ദൈവിക സരണിയിൽനിന്ന് തടയുന്നവരുമാകുന്നു"(9: 34).

പ്രവാചകനും ശിഷ്യന്മാരും മദീനഃയിൽ സ്ഥാപിച്ചത് ഒരു ആശ്രമമോ മഠമോ ആയിരുന്നില്ല. ഒരു രാഷ്ട്രം തന്നെയായിരുന്നു. പള്ളി അതിന്റെ കേന്ദ്രമായിരുന്നുവെന്നു മാത്രം. ആധുനിക രാഷ്ട്ര മീമാംസകരുടെ വീക്ഷണത്തിൽ അഞ്ചു ഘടകങ്ങൾ ചേരുമ്പോഴാണല്ലോ ഒരു രാഷ്ട്രം ഉണ്ടാകുന്നത്. 1. സംഘാടന ഘടകം (**Organising Structure**) 2. ജനങ്ങൾ 3. ഭരണകൂടം 4. അധികാരം 5. ഭരണഘടന. രാഷ്ട്രത്തിന്റെ ദൗത്യം അഞ്ചു കാര്യങ്ങളുടെ നിർവഹണമാണ്. 1. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും സ്ഥാപനങ്ങളെയും ചൂഴ്ന്നു നില്ക്കുക 2. എല്ലാവരെയും ഒരു നിയമ വ്യവസ്ഥയിൽ ബന്ധിപ്പിക്കുക 3. വിജാതീയ വിഭാഗങ്ങളെ ഉദ്ഗ്രഥിക്കുക 4. എല്ലാവരെയും നിയമവിധേയരാക്കി നിയന്ത്രിക്കുക. 5. സമൂഹത്തിന്റെ ശിക്ഷണവും ക്ഷേമവും ലക്ഷ്യമാക്കി പ്രവർത്തിക്കുക.

ഈ നിർവചനം സൂചിപ്പിക്കുന്ന എല്ലാ ഘടകങ്ങളും ഗുണങ്ങളും ഒത്തിണങ്ങിയതായിരുന്നു മദീനഃയിൽ പ്രവാചകൻ സ്ഥാപിച്ച മുസ്‌ലിം സമൂഹം. പ്രവാചകനായിരുന്നു അതിന്റെ ഭരണകർത്താവ്. ഖുർആനായിരുന്നു ഭരണഘടന. ശരീഅ*തായിരുന്നു നിയമവ്യവസ്ഥ. സ്വന്തമായ വ്യക്തിനിയമമുണ്ടായിരുന്ന ജൂതന്മാർക്ക് അതു വകവച്ചു കൊടുത്തു. മുസ്‌ലിംകളെയും മുശ്‌രികുകളെയും ജൂതരെയും ഒരേ വ്യവസ്ഥയിൽ കോർത്തിണക്കിയ ഉദ്ഗ്രഥിത സമൂഹമായിരുന്നു മദീനഃയിലുണ്ടായിരുന്നത്. സ്റ്റേറ്റിന്റെ ലക്ഷ്യം ആധുനിക രാഷ്ട്ര നിർവചനത്തിൽ പറഞ്ഞതിൽനിന്നും സ്വല്പം ഭിന്നമായിരുന്നു. ജനങ്ങളുടെ ശിക്ഷണവും ക്ഷേമവുമാണല്ലോ അത്. ഇസ്‌ലാമിക സ്റ്റേറ്റിന്റെ ലക്ഷ്യം ജനങ്ങളുടെ ഭൗതികമായ ശിക്ഷണവും ക്ഷേമവും മാത്രമല്ല, അതിലേറെ പാരത്രികമായ മോക്ഷവും ആ മോക്ഷം നേടുന്നതിനാവശ്യമായ ശിക്ഷണവുമാണ്. അതുകൊണ്ട് ഇസ്‌ലാമിക രാഷ്ട്രത്തിൽ ധാർമിക സദാചാരനിയമങ്ങൾ താരതമ്യേന കർക്കശമായിരിക്കും. അതുപക്ഷേ, സ്റ്റേറ്റിന്റെ ന്യായമായ ഭൗതിക താൽപര്യങ്ങളെ ഹനിക്കുകയില്ല. ഭരണകൂടവും ജനങ്ങളും തങ്ങളുടെ പരമലക്ഷ്യം പാരത്രിക ക്ഷേമമായി കണ്ട് പ്രവർത്തിക്കുമ്പോൾ ഭൗതിക ക്ഷേമം സ്വയം സാധ്യമാകുന്നതാണ്. അത്തരം ഒരു ഗവൺമെന്റിന് അഴിമതിയോ സ്വേഛാഭരണമോ സാധ്യമല്ല. അതിന്റെ പ്രജകളും താരതമ്യേന അത്തരം കാര്യങ്ങളിൽനിന്നകന്നു നില്ക്കും. ഭരണകൂടത്തിന് ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടു രക്ഷപ്പെടാനാവില്ല. അവർക്ക് എല്ലാം കണ്ടുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ മുമ്പിലും ഉത്തരം പറയേണ്ടതുണ്ട്. ജനങ്ങൾ ഉദ്യോഗസ്ഥരുടെ കണ്ണിൽനിന്നു രക്ഷപ്പെട്ടതുകൊണ്ടായില്ല. അവർക്ക് അല്ലാഹുവിന്റെ മുമ്പിൽ രക്ഷപ്പെടേണ്ടതുണ്ട്. ഇരുപക്ഷത്തും ഈ ബോധമുണ്ടാകുമ്പോൾ ആ സമൂഹത്തിൽ അഴിമതിയും അക്രമങ്ങളും അനാചാരങ്ങളും വിരളമാകുന്നു. വല്ലപ്പോഴും അതുണ്ടായാൽ രൂക്ഷമായി ശിക്ഷിക്കപ്പെടുകയും ചെയ്യും. ഇത്തരം സമൂഹങ്ങളിൽ സമ്പത്തിന്റെ ന്യായമായ വിതരണവും വികേന്ദ്രീകരണവും സ്വയം സാധിതമാകുന്നു. അധ്വാനവാഞ്ഛയും ഉൽപാദനവും വർധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇസ്‌ലാമിന്റെ യാഥാർഥ്യം ഉൾക്കൊണ്ടു നിലനില്ക്കുമ്പോൾ ഇസ്‌ലാമിക രാഷ്ട്രം ഭൗതികമായും പുരോഗമിച്ചുകൊണ്ടേയിരിക്കും.

സ്വയം നിർണയാധികാരമുള്ള സുരക്ഷിത സമൂഹത്തിന്റെ-രാഷ്ട്രത്തിന്റെ-അഭാവത്തിൽ വ്യക്തിയുടെ സ്വകാര്യ ജീവിതത്തിൽ മാത്രമേ ഇസ്‌ലാം നിലനില്ക്കുകയുള്ളൂ. അത് ഭാഗികമായ ഇസ്‌ലാം മാത്രമായിരിക്കും. ഇസ്‌ലാമികമായ ഭരണസംവിധാനമില്ലാത്ത സമൂഹത്തിൽ ഇസ്‌ലാമിന്റെ സാമൂഹിക-സാമ്പത്തിക-വ്യാവഹാരിക നിയമങ്ങളെല്ലാം കേവല സങ്കല്പങ്ങളായി അവശേഷിക്കും. ഇസ്‌ലാമിക ശരീഅതു നിയമങ്ങളിലേറെയും ഒരു ഇസ്‌ലാമിക ഭരണകൂടത്തിനു മാത്രം നടപ്പിലാക്കാൻ കഴിയുന്നതും, ഒരു ഇസ്‌ലാമിക സമൂഹത്തിൽമാത്രം നടപ്പിലാക്കാവുന്നതുമാണ് എന്നർഥം.